പി.റ്റി. 25329/15. സഹകരണസംഘംരജിസ്ട്രാർആഫീസ്,

തിരുവനന്തപുരം, തീയതി–09.12.2015

**സർക്കുലർ നമ്പർ.37/2015**

വിഷയം:– സഹകരണവകുപ്പ്–പരിശീലനത്തിനായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർ പരിശീലനപരിപാടിയിൽ പങ്കെടുക്കാതിരിക്കുന്നത് –സംബന്ധിച്ച്.

സൂചന:– (1) ഐ.എം.ജി. ഡയറക്ടറുടെ 26.5.2015–ലെ 1061/പി3/2015/ ഐ.എം.ജി നം. സർക്കുലർ.

(2) സർക്കുലർ നമ്പർ 2/15.

സഹകരണ വകുപ്പിൽ വിവിധ തസ്തികകളിൽ സേവനം അനുഷ്ഠിച്ചു വരുന്ന കുറഞ്ഞത് രണ്ട് വർഷം സേവന ദൈർഘ്യമുള്ളവർക്കായി വിവിധ ട്രെയിനിംഗ് സ്ഥാപനങ്ങളിലൂടെ വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ച്വരുന്നുണ്ട്. ടി ട്രെയിനിങ്ങുകളുടെ കോഴ്സ് ഫീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും സ്ഥാപനങ്ങൾക്കു നൽകിവരുന്നു.

ടി ട്രെയിനിംഗ് പ്രോഗ്രാമുകളിലേയ്ക്കു ജില്ലാതല ഓഫീസർമാരിൽ നിന്നും ട്രെയിനിംഗിനായി നിയോഗിക്കപ്പെടേണ്ടുന്നവരുടെ ലിസ്റ്റ് ലഭ്യമാക്കിയതിനുശേഷമാണ് ടി ലിസ്റ്റ് ക്രോഡീകരിച്ച് ട്രെയിനിംഗ് സ്ഥാപനങ്ങൾക്കു നൽകുന്നത് ട്രെയിനിംഗിനായി നിയോഗിക്കപ്പെടുന്നവരെ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതും.

എന്നാൽ പല ട്രെയിനിംഗ് പ്രോഗ്രാമുകളിലും നിയോഗിക്കപ്പെടുന്നവർ കൃത്യമായി ഹാജരാകുന്നില്ല എന്ന പരാതി ട്രെയിനിംഗ് മാനേജർമാർ/കോഴ്സ് കോ–ഓർഡിനേറ്റർമാരിൽ നിന്നും ലഭിക്കുന്ന സാഹചര്യത്തിൽ ടി വിഷയം ഗൗരവമായി കണക്കിലെടുക്കേണ്ടതും, ഇതു സംബന്ധിച്ച് സർക്കുലർ 2/15 നിർദ്ദേശിച്ചിരുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് ഒരിക്കൽ കൂടി നിർദ്ദേശിക്കുന്നു.

പ്രകൃതിക്ഷോഭമോ,അടിയന്തിര ചികിൽസവേണ്ട ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളോ അല്ലാതെ, യാതൊരു കാരണവശാലും പരിശീലന പരിപാടിയിൽ നിന്നും വിട്ടു നിൽക്കാൻ അനുവദിക്കുന്നതല്ലെന്നും ഓർമ്മിപ്പിക്കുന്നു.

ഒപ്പ്/–
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണസംഘംരജിസ്ട്രാർ.